
Monthly Price: 4 Year: 2011



## മനുഷ്യന്റെ ആത്മാവിന്റെ വഴികൾ–സഭാപ്രസംഗി 12: 7

നമ്മുടെ ആത്മാവ് ദൈവത്തിൽ നിന്നു വരുന്നു.
എബ്രായർ 12.9

അവന്റെ രൂപത്തിൽ നമ്മുടെ ആത്മാവിനെ മെനഞ്ഞിരിക്കുന്നു–1കൊരിന്ത്യർ 15:49

ആദാമിൽനിന്നും എല്ലാവരും വന്നു–പ്രവൃത്തി.17:26
നാം അവനെ പോലെയാകുന്നു.

↓

ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ സംസാരിച്ചു–1കൊരിന്ത്യർ 13:11
ദൈവരാജ്യം അങ്ങനെയുള്ളവരുടേതല്ലോ.
ലൂക്കൊസ് 18:16.

↓

ആത്മാവിന്റെ പക്വതാ നടപടി (മനസ്, ഹൃദയം, മനസാക്ഷി) ശരീരത്തിന്റേയും.

പാപം ആത്മീയ മരണത്തെ കൊണ്ടുവരുന്നു–
റോമർ 5:12

നന്മതിന്മകളെകുറിച്ചുള്ള അറിവു എല്ലാവരിലും ഉള്ളതുകൊണ്ട് നാമെല്ലാം പാപം ചെയ്യുന്നു– ഉല്പത്തി. 3:22; 1കൊരിന്ത്യർ 15:22; റോമർ 3:23

---

ഈ സമയത്ത് രണ്ട് പോയിന്റ്:

1. തിന്നുവാനും കുടിക്കുവാനും ആനന്ദിക്കുവാനും തുടങ്ങുന്നു 1കൊരിന്ത്യർ 15:32. — മോശം

   ഫലം: റോമർ 1:18–22; എഫേസ്യർ 4:17–19. 1കൊരിന്ത്യർ 6:9,10
2. പ്രവൃത്തി 2:38; 1കൊരിന്ത്യർ 6:11

പുതിയ ജനനം
1പത്രോസ് 1:22, 23

ദൈവവചനം കേൾക്കുന്നു അത് വിശ്വസിക്കുന്നു
റോമർ 10:13–15

↓

മാനസാന്തരപ്പെട്ട് പുതിയ നിയമത്തെ സ്വീകരിക്കുന്നു–
പ്രവൃത്തി. 3:19;
എബ്രായർ 8:10–12

↓

യേശുവിനോടുചേരുവാൻ സ്നാനം ഏല്ക്കുന്നു– പ്രവൃത്തി. 8:34–39; റോമർ 6:5–11.

↑

കഴുകുന്നു, വിശുദ്ധീകരിക്കുന്നു, നീതീകരിക്കപ്പെടുന്നു

# THE BIBLE TRUTH

**Editor**
**P.K. VARGHESE**
**000**
**Published by Church of Christ**
**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 25** **January 2011** **No.10**

# എഡിറ്റോറിയൽ

നാമെല്ലാം പുതിയ വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണല്ലോ. പലരും പുതിയതും, നന്മയും സുഭിക്ഷവുമായ ഒരു വർഷമാണ് പ്രതീക്ഷിക്കുന്നത്. എന്നാൽ ചിലർക്ക് നന്മയും മറ്റു ചിലർക്ക് തിന്മയുമാണ് വരുന്നത്. അപ്രതീക്ഷിതമായ പല സംഭവങ്ങളും ഓരോ പുതു വർഷവും സംഭവിക്കാറുണ്ട്. പല തീരുമാനങ്ങളും നാം എടുക്കും; ചിലത് നിറവേറ്റും മറ്റു ചിലത് നിറവേറ്റാതെ വിട്ടുപോകും. ഇതെല്ലാം തെളിയിക്കുന്നത്, നാം ദൈവത്തിന്റെ നിയന്ത്രണത്തിലാണെന്നാണ്. പലരും പിശാചിന്ന് അടിമപ്പെടുന്നു. അതെല്ലാം ദൈവം പിശാചിനെ അനുവദിക്കുന്നതുകൊണ്ടാണ്. ദൈവം അനുവദിക്കാതെ പിശാചിന്നും ഒന്നും ചെയ്യുവാൻ കഴിയുകയില്ല. നാം ഓരോ പുതിയ വർഷത്തിലേക്കും പ്രവേശിക്കുമ്പോൾ, നമുക്ക് ഒരു വയസ് കൂടെ ആയി എന്ന് മുന്നറിയിക്കുന്നു. അതോടൊപ്പം ഓരോരുത്തരും വളർന്നുകൊണ്ടാണിരിക്കുന്നത്. അതേ സമയം നമുക്ക് ധാരാളം അനുഭവ പാഠങ്ങളുമുണ്ട്.

പുതുമ ആഗ്രഹിക്കാത്തവർ വിരളമായിരിക്കും. ഇപ്പോൾ നാം ജീവിക്കുന്നത് പുതിയനിയമ കാലത്താണ്. അതുകൊണ്ട് നാം പുതിയനിയമത്തിൻ കീഴിലാണ്. അങ്ങനെയുള്ള നാം പലതും തിരിച്ചറിയേണ്ടതുണ്ട്. ക്രിസ്തുവിനെ അനുഗമിക്കുന്നവർ എങ്ങനെ ആയിത്തീരണം എന്ന് മനസിലാക്കി ജീവിക്കുവാനാണ് ദൈവഹിതം വെളിപ്പെടുത്തിയിരിക്കുന്നത്. പുതിയോരു കല്പന കർത്താവ് നമുക്ക് നൽകിയിരിക്കുന്നു. അതു അവൻ നമ്മെ സ്നേഹിച്ചതുപോലെ നാം മറ്റുള്ളവരെ സ്നേഹിക്കുക എന്നതാണ്. അങ്ങനെയുള്ള സ്വഭാവം

നമ്മിലുണ്ടാകുവാൻ പുതിയ ഹൃദയം നമുക്ക് ആവശ്യമാണ്. കല്ലായ നമ്മുടെ ഹൃദയത്തെ മാറ്റി മാംസളമായ ഹൃദയം നമ്മിൽ തരാമെന്ന് ദൈവം വാഗ്ദാനം ചെയ്തിട്ടുണ്ട്. പഴയനിയമ കാലത്ത് യിരെമ്യാ പ്രവാചകന്റെ കാലത്ത് ദൈവം അരുളിച്ചെയ്തതു ഒരു പുതിയ നിയമം മനുഷ്യരുടെ ഉള്ളിലാക്കി അവരുടെ ഹദയത്തിൽ എഴുതും എന്നാണ്. കാരണം നമ്മുടെ ഹൃദയത്തിൽ മാറ്റം വന്നാൽ മാത്രമേ ദൈവം വസിക്കുകയുള്ളു. എങ്കിൽ മാത്രമേ നമ്മുടെ ജീവിതത്തിന് വ്യത്യാസം ഉണ്ടാകുകയുള്ളു. അങ്ങനെയങ്കിലേ നാം പുതു സൃഷ്ടികളാകു. പുതുസൃഷ്ടികൾക്ക് മാത്രമെ പുതു മനുഷ്യരായി തീരുവാൻ കഴിയു. അതായത് നമ്മുടെ പഴയ സ്വഭാവവും പഴയ ജീവിതവും മാറി പുതിയ സ്വഭാവത്തിലേക്കും ജീവിതത്തിലേക്കും തിരിയണം. അതാണ് ദൈവം നമ്മിൽ നിന്നു പ്രതീക്ഷിക്കുന്നത്.

മാസം തോറും പുതിയ ഫലം പുറപ്പെടുവിക്കുന്ന വൃക്ഷം പോലെ നാം ദൈവത്തിന് പുതിയ ഫലം പുറപ്പെടുവിച്ചുകൊണ്ടിരിക്കണം. അതായത് പുതിയ ആത്മാക്കളെ പാപത്തിന്റെ പിടിയിൽനിന്ന് മോചിപ്പിക്കേണ്ടത് ആവശ്യമാണ്. നാം പുതിയപുതിയ ആത്മാക്കളെ ദൈവത്തിനായി നേടുന്നവരായിരിക്കണം. നമ്മുടെ പഴയ ദുസ്വഭാവങ്ങളെ എല്ലാം നീക്കം ചെയ്യുവാൻ തയ്യാറാകണം. ക്രിസ്തീയ നടപ്പ് എല്ലായ്പോഴും പുതുക്കമുള്ളതാകണം. ഒരു പുതിയ പേർ നമുക്ക് ദൈവം വിളിക്കുമ്പോൾ ആ പേർ നാം നിലനിർത്തുവാൻ ദൈവത്തോട് നമുക്ക് കടപ്പാടുണ്ട്. ക്രിസ്തുവിനെ അനുഗമിക്കുന്നവരാണ് ക്രിസ്ത്യാനികൾ. ആ പേർ ലഭിക്കുന്നതു ദൈവവചനം അനുസരിക്കുമ്പോഴാണ്.

പലതും വിട്ടുകളഞ്ഞാൽ മാത്രമേ നമ്മിൽ എന്തെങ്കിലും പുതുമ കാണുകയുള്ളു. അതായത് ദുഷ്പ്രവൃത്തികൾ മാറ്റിയാലേ സൽപ്രവൃത്തികൾ നമ്മിലുണ്ടാകു. പഴയതു മാറ്റുവാൻ നാം തയ്യാറായാലേ പുതിയവ ദൈവം തരികയുള്ളു. നമ്മുടെ സകലവും പുതുതാക്കി മാറ്റുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവത്താലല്ലാതെ അതു സാധ്യമല്ല. നമ്മുടെ ഹൃദയം ദൈവത്തിൽ ഏല്പിച്ചാൽ നമ്മുടെ പഴയ മനുഷ്യനെ മാറ്റി പുതുമനുഷ്യനാക്കി തീർക്കും.

✶

# പുതിയ നിയമം

## *J.C* ചോട്ട്

പുതിയ നിയമ പുസ്തകത്തിൽ നിന്നും യഥാർഥത്തിൽ പുതിയ നിയമം എന്തെന്നു കണ്ടെത്തുവാനും അതു അനുസരിപ്പാനും ക്രിസ്ത്യാനികൾ എന്നു അവകാശപ്പെടുന്നവരിൽ ഭൂരിഭാഗം പേർക്കും ഇന്നേവരെ കഴിഞ്ഞിട്ടില്ല (യോഹ. 5:39-47).

ഇങ്ങനെയുള്ള പുതിയ നിയമ പുസ്തകം മുഴുവനും നാം പ്രമാണിക്കേണ്ടതായ പുതിയ നിയമമായി തെറ്റിദ്ധരിച്ചിരിക്കുന്നു. ആയതിനാൽ മത്തായി എഴുതിയ സുവിശേഷം മുതൽ വെളിപ്പാടുവരെയുള്ള വേദഭാഗങ്ങൾ മുഴുവനും അനുസരിക്കണമെന്നുള്ള ഒരു നിലപാടാണ് അവർക്കുള്ളത്. ഇതു തികച്ചും വചന വിരുദ്ധമാണ്. മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ ഇവർ എഴുതിയ സുവിശേഷം, അതു യേശുക്രിസ്തു തന്റെ ഐഹീക ജീവിതകാലത്തു പഠിപ്പിച്ചവയാണെങ്കിൽ തന്നെയും ആ ഉപദേശങ്ങളിൽ ഏറിയ പങ്കും നമ്മെ ബാധിക്കുന്നില്ല എന്നുള്ള സത്യം നാം വിസ്മയിക്കരുത്. അന്നു യെഹൂദന്മാർക്കു (യിസ്രായേലിന്നു മാത്രം ബാധകമായിരുന്ന അനേക ഉപദേശങ്ങൾ ഈ വേദഭാഗങ്ങളിലുണ്ട്. അതിനാൽ പഴയനിയമവും, ഈ വേദഭാഗങ്ങളും പ്രവൃത്തികൾ ഒന്നാം അദ്ധ്യായം മുതൽ രണ്ടാം അദ്ധ്യായം ഇരുപത്തിഒന്നു വരെയുള്ള വാക്യങ്ങളും പുതിയ നിയമത്തിലേക്കു നമ്മെ വഴിനടത്തുകയാണ് ചെയ്യുന്നതെന്നും നാം ബോധപൂർവ്വം മനസ്സിലാക്കിയിരിക്കേണ്ടതാണ്.

ഒന്നാമതായി യേശു ക്രിസ്തു എന്തിനായി ഈ ലോകത്തിലേക്കു വന്നു എന്നു നാം മനസ്സിലാക്കിയിരിക്കണം. തുടർന്ന് ഒരു പുതിയ നിയമപുസ്തകം ആദ്യമായി ഈ ലോകത്തിനു ലഭിച്ചത് എപ്പോഴാണെന്നും എപ്രകാരമാണെന്നും നാം അറിഞ്ഞിരിക്കണം. മാത്രമല്ല പഴയനിയമവും പുതിയ നിയമവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും നാം ബോധവാൻമാരായിരിക്കണം. ഇങ്ങനെ ചെയ്താൽ സാക്ഷാൽ പുതിയ നിയമം പുസ്തകത്തിൽ നിന്നു കണ്ടെത്തുവാൻ നമുക്കു നിഷ്പ്രയാസം സാധിക്കും. യേശുക്രിസ്തുവിന്റെ അപ്പോസ്തലന്മാരാണ് അവന്റെ കല്പനപ്രകാരം പുതിയ നിയമം ആദ്യമായി ഈ

ലോകത്തിൽ പ്രഖ്യാപിച്ചതു. ഏകദേശം ഏ. ഡി 33 മുതൽ കുറേ വർഷത്തോളും അവർ അത് പ്രസംഗിക്കുകയും ഉപദേശിക്കുകയും പഠിപ്പിക്കയും ചെയ്തശേഷമാണ് അവർ പുതിയ നിയമപുസ്തകം രേഖപ്പെടുത്തുവാൻ ആരംഭിച്ചത്. അപ്പോസ്തലന്മാർ ആറുപേരും അവരുടെസഹപ്രവർത്തകരായിരുന്ന മർക്കൊസും ലൂക്കൊസും ചേർന്നു അതു രേഖപ്പെടുത്തിക്കൊണ്ടിരുന്നു. ഏകദേശം ഏ. ഡി. 96-നു ശേഷം അതു ആദ്യമായി പുസ്തകരൂപത്തിൽ ലോകത്തിനു ലഭിക്കയും ചെയ്തു.

യോവേൽ പ്രവാചകൻ മുഖാന്തരം ദൈവം അരുളിച്ചെയ്ത പ്രവചനത്തെ ഉദ്ധരിച്ചു കൊണ്ടാണ് അപ്പോസ്തലനായ പത്രോസ് ആദ്യമായി പുതിയ നിയമ പ്രഖ്യാപനം നിലവിൽ വരുത്തിയത്. "അന്ത്യകാലത്തു സകല ജഡത്തിന്മേലും ഞാൻ എന്റെ ആത്മാവിനെ പകരും ....എന്നു ആരംഭിച്ചു കൊണ്ട്. എന്നാൽ കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവൻ ഏവനും രക്ഷിക്കപ്പെടും" എന്നു വെളിപ്പെടുത്തിയുംകൊണ്ടു പ്രവചനം അവസാനിപ്പിക്കുന്നു (പ്രവൃത്തികൾ-2:14 -21). തുടർന്നു പ്രവൃത്തി 2-ാം അദ്ധ്യായം 22-ാം വാക്യം മുതൽ പ്രവൃത്തി പുസ്തകത്തിലും തുടർന്നുള്ള ലേഖനങ്ങളിലും കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടുവാനുള്ള പുതിയ നിയമം കണ്ടെത്തുവാൻ നമുക്കു സാധിക്കും. യേശുക്രിസ്തു സ്വർഗ്ഗത്തിൽനിന്ന് വന്ന് നല്കിയ ഉപദേശങ്ങളാണു പുതിയനിയമം (മത്താ.28:18-20; 1പത്രോ.1:10-12; പ്രവൃത്തി, 1,1:1-5 വാക്യം.8; യോഹ. 16:7-13; യോഹ. 15:26,27; 14:25,26; ലൂക്കൊ. 24:44-49)

ദൈവം അയച്ചപ്പോൾ യേശുക്രിസ്തു ഈ ലോകത്തിലേക്കു വന്നതു ദൈവത്തിന്റെ ഇഷ്ടം നിവൃത്തിയാക്കുവാനായിരുന്നു (യോഹ 6:38; എബ്രാ. 10:5-7). ഒരു ആത്മീകരാജ്യം സ്ഥാപിക്കുക, അതിനായി അപ്പൊസ്തലന്മാരുടെ മേൽ പരിശുദ്ധാത്മാവിനെ പകർന്നു കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടുവാൻ പരിശുദ്ധാത്മാവിനാൽ പുതിയനിയമം പ്രഖ്യാപിക്കുക, സകലമനുഷ്യരും രക്ഷപ്രാപിപ്പാൻ സത്യത്തിന്റെ അഥവാ ദൈവവചനത്തിന്റെ പരിജ്ഞാനത്തിൽ എത്തുക, ഇവയും ദൈവത്തിന്റെ ഇഷ്ടമായിരുന്നു. (ദാനി. 2:44; യോവേൽ 2:28-32; യിര.31:31; ഹൊശേ.4:6; 1തിമോ. 2:4) ഇതിന്റെയെല്ലാം അർത്ഥം അവൻ ന്യായ

പ്രമാണം നിവർത്തിയാക്കുക എന്നാണു (മത്തായി 5:17,18) ന്യായപ്രമാണം നിവൃത്തിയാക്കുമ്പോൾ തന്റെ ഐഹീക ജീവിതകാലത്തു അവസാനമായി അവൻ ചെയ്യേണ്ടിയിരുന്ന പ്രവൃത്തി മേൽ വിവരിച്ചതായ ദൈവേഷ്ടം യാഥാർത്ഥ്യമാക്കുവാൻ കുരിശിൽ തന്റെ രക്തം ചൊരിയുക എന്നതായിരുന്നു (മത്താ 26:27–29; വെളി, 1:6; എഫെ.5:25–27; ഗലാ. 4:4,5; പ്രവൃത്തി. 20:28; യെശ. 53:10–12). അതുകൊണ്ടാണ് ഉയിർത്തെഴുന്നേറ്റപ്പോൾ സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും ക്രിസ്തുവിനു നൽകപ്പെട്ടത് (മത്താ.28:18). വേദപുസ്തകം (ദൈവത്തിന്റെ വചനം) മുഴുവനും സത്യം ആകുന്നു. എങ്കിലും പുതിയ നിയമത്തെ ആധാരമാക്കിയാണു "നിങ്ങൾ സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും" എന്ന് ക്രിസ്തു പറഞ്ഞത് (യോഹ. 8:37,38). ആയതിനാൽ പുതിയ നിയമ പുസ്തകത്തിൽ നിന്നും നാം കണ്ടെത്തിയിരിക്കുന്ന പുതിയ നിയമം അപ്പോസ്തലന്മാർ മുഖാന്തരം നമുക്കുലഭിച്ച ക്രിസ്തുവിന്റെ ഉപദേശമാണ് (2കൊരി. 3:1–6; 2പത്രോ. 3:2; 2യോഹ. 8–10). രക്ഷയുടെ സന്ദേശമായതിനാൽ പുതിയനിയമം മുഖ്യമായും സുവിശേഷം എന്നറിയപ്പെടുന്നു (റോമ.1:16). "സുവിശേഷം കേൾക്കണം" എന്നുള്ളതു പുതിയനിയമത്തിലെ ഏറ്റവും പ്രധാന്യം അർഹിക്കുന്ന ഒരു ദൈവകല്പനയാണു. ഈ കാരണത്താലാണ് "യിസ്രായേൽ പുരുഷന്മാരേ, ഈ വചനം കേട്ടുകൊൾവീൻ" എന്നു പറഞ്ഞുകൊണ്ടു പത്രോസ് ആദ്യമായി പുതിയ നിയമ പ്രഖ്യാപനം ആരംഭിച്ചത് (പ്രവൃ.2:22). കാരണം യേശുക്രിസ്തുവിൽ വിശ്വാസം വരേണ്ടതിനു സുവിശേഷം കേട്ടിരിക്കണം (റോമർ 10:17;വാക്യം8) ഈ കല്പനയെ നീതീകരിക്കുവാനാണു (മത്തായി 17:5, യോഹ.1:12; 13:20) മുതലായ വേദഭാഗങ്ങൾ നിലകൊള്ളുന്നതു. തുടർന്നു പുതിയ നിയമത്തിൽ അമിതപ്രാധാന്യം അർഹിക്കുന്ന കല്പനയാണു "യേശുക്രിസ്തുവിൽ വിശ്വസിക്ക" എന്നതു (പ്രവൃ. 10:43; 16:31). ഈ കല്പനയെ നീതീകരിക്കുവാനാണ് (യോഹ.3:16; 12:44; 17:17,21) മുതലായ വേദവാക്യങ്ങൾ നിലകൊള്ളുന്നത്. തുടർന്നു "മാനസാന്തരപ്പെടണമെന്നും", "പാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്ക്കണമെന്നും ഉള്ള കൽപനകളാണു രക്ഷിക്കപ്പെടുവാനുള്ള പുതിയ നിയമ കല്പനകൾ (പ്രവൃ. 17:30; റോമ.

10:9,10; പ്രവൃ. 2:38,39). ഈ കല്പനകളെ നീതീകരിക്കേണ്ടതിനാണു (മത്താ.4:17; ലൂക്കൊ.13:3; മത്താ.10:32; യോഹ. 12:41-43; മത്താ.28:19; മർക്കൊ.16:15,16; യോഹ. 3:3-5) മുതലായ വേദവാക്യങ്ങൾ നിലകൊള്ളുന്നതു (യോഹ. 20:30,31). തുടർന്നുള്ളതെല്ലാം രക്ഷിക്കപ്പെട്ടവരുടെ ആത്മീകവളർച്ചക്കായുള്ള ഉപദേശങ്ങളാണു. അതെല്ലാം അപ്പോസ്തലന്മാർ പ്രസംഗിച്ചതും പഠിപ്പിച്ചതുമായ ഉപദേശങ്ങളാണു. പുതിയനിയമ ആരാധന, പ്രാർത്ഥന, തിരുവചന പഠനം, സഭായോഗങ്ങൾ, സുവിശേഷ പ്രചരണം മുതലായവയും, ഈ ഉപദേശത്തിൽ നിലനിൽക്കണമെന്നുള്ള ആഹ്വാനവും, ഈ ഉപദേശത്തിനു വിപരീതമായ ഉപദേശങ്ങളെല്ലാം വചനവിരുദ്ധമാണെന്നു തെളിയിക്കുന്ന മുന്നറിയിപ്പുകളുമാണ് പുതിയ നിയമത്തിലെ ഏറ്റവും മുഖ്യമായ കല്പനകൾ, ഇതെല്ലാമാണു പുതിയ നിയമപുസ്തകത്തിലെ പുതിയ നിയമം.

പഴയ നിയമവും പുതിയ നിയമവും പരസ്പരം ബന്ധപ്പെട്ടാണു ദൈവവചനം പൂർണ്ണമാകുന്നത്. എന്നാൽ പുതിയ നിയമത്തിന്റെ അഭാവത്തിൽ പഴയനിയമവും, പഴയനിയമത്തിന്റെ അഭാവത്തിൽ പുതിയനിയമവും പൂർണ്ണമായതല്ല, പുർണ്ണമായ ദൈവവചനമാണു പഴയനിയമവും, പുതിയനിയമവുമായ സത്യവേദപുസ്തകം എന്ന മഹത്ഗ്രന്ഥം. അതായതു ഭൗതികവും ആത്മികവുമായ നമ്മുടെ നിലനിൽപ്പിന് സഹായകമായ സകല പരിജ്ഞാനവും നമുക്കു സത്യവേദ പുസ്തകത്തിൽ നിന്നും ലഭിക്കുന്നു എന്നർത്ഥം (സദൃ.2:1-12; 2തീമോ. 3:16,17) പഴയമിയമം അഥവാ ന്യായപ്രമാണം അനുസരിക്കണമെന്നു ക്രിസ്തുവിന്റെ ഐഹീക ജീവിതകാലത്തു പഠിപ്പിച്ചിരുന്നു (മത്താ.23:2,3). ഈ ഉപദേശം നമുക്കു ബാധകമല്ല, കൂടാതെ (മത്താ.10:5-15; യോഹ. 16:7-15; 14:25,26,27; പ്രവൃ. 1:1-5) മുതലായവയും മറ്റു പല ഉപദേശങ്ങളും, നമുക്കു ബാധകമല്ല. കാരണം ഐഹീക ജീവിതകാലത്തുതന്നെ ക്രിസ്തുവിന് സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള സകല അധികാരവും ലഭിച്ചിരുന്നില്ല. ന്യായപ്രമാണത്തിൻകീഴിൽ ജീവിച്ചിരുന്നിടത്തോളും കാലം അതു ലംഘിക്കുവാൻ ക്രിസ്തുവിനു സാധിക്കുമായിരുന്നില്ല (മത്താ.28:18-20). എന്നാൽ ഇതെല്ലാം നാം പഠിച്ചിരിക്കേണ്ടതാണ്.

ഇപ്രകാരമുള്ള പുതിയ നിയമപുസ്തകപഠനം നമുക്കു ഒരു വിധ

ത്തിലും ഒരു സംശയമോ, ചിന്താക്കുഴപ്പമോ ഉണ്ടാകുവാൻ ഇടവ രുത്തുന്നില്ല (യൂദ. 17:21) വായിച്ചാലും. ആയതിനാൽ അടുക്കും ചിട്ടയും സന്ദർഭവും മനസ്സിലാക്കി തിരുവചനം പഠിക്കുക. എന്നാൽ ആ വചനം നമ്മെ ജീവിപ്പിക്കും (മത്താ.4:4).

✶

# മഹത്തായ ആജ്ഞയിലെ "എല്ലാം"

## ക്ലെം തർമാൻ

യേശു അടുത്തുചെന്നു: സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധി കാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറ പ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമ ത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ടു സകല ജാതിക ളേയും ശിഷ്യരാക്കിക്കൊൾവീൻ; ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ട് എന്ന് അരുളിചെയ്തു (മ ത്താ. 28:18-20). രണ്ടു മാസത്തോളം അപ്പോസ്തലന്മാർ വളരെ പ്രയാ സപ്പെട്ടുകൊണ്ടിരുന്നു. യെരുശലേമിൽ വെച്ചു യെഹൂദന്മാരാൽ താൻ കൊല്ലപ്പെടും എന്നു ക്രിസ്തു അവരോടു പറഞ്ഞു. അവർക്കതു മനസിലാകാതിരുന്നതുകൊണ്ടു അവർക്കു അതു സ്വീക രിപ്പാൻ കഴിഞ്ഞില്ല. താൻ മൂന്നാം നാൾ ഉയർത്തെഴുന്നേൽക്കും എന്നുകൂടെ അവൻ അവരോടു പറഞ്ഞിരുന്നു (മത്താ. 20:19). അതും അവർക്കു മനസിലായില്ല. എങ്കിലും അതു സംഭവിച്ചു. അതിനു അവർ സാക്ഷികളായിതീർന്നു. ഇപ്പോൾ യേശു അവരെ എല്ലാം ഒരുമിച്ചു കൂട്ടി, താൻ അവരെ വിട്ടു സ്വർഗ്ഗത്തിലേക്കു പോകുന്നു എന്നു വിവരിച്ചു പറഞ്ഞു (യോഹ. 14:1-6). ഈ അപ്പൊസ്തലന്മാരിൽ അവൻ കൊടുത്ത മഹത്തായ ആജ്ഞ എത്ര മാത്രം സ്വാധീനം ചെലുത്താൻ കഴിഞ്ഞു എന്നു നിങ്ങൾക്കു ഊഹിക്കാമോ?

യേശു അപ്പോസ്തലന്മാരെ വിട്ടു പിരിയുമ്പോൾ അവൻ വീണ്ടും അവർക്കു സഹായി ആയിരിക്കുമെന്നു ഉറപ്പുകൊടുത്തു. എങ്കിലും പിതാവ് എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന

കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോടു പറഞ്ഞതു ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും (യോഹ. 14:26). സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും എന്നു ഓർപ്പിച്ചു (യോഹ. 16:13). ഈ ഒരു നടത്തിപ്പ് ഉണ്ടാകുമെന്നുള്ളതുകൊണ്ടാണ് യേശു അവരോടു: നിങ്ങളെ തള്ളുന്നവൻ എന്നെ തള്ളുന്നു; എന്നെതള്ളുന്നവൻ എന്നെ അയച്ചവനെ തള്ളുന്നു എന്നു പറഞ്ഞതു (ലൂക്കൊസ് 10:16). പരിശുദ്ധാത്മാവ് അപ്പൊസ്തലന്മാരിൽ വന്നപ്പോൾ അവർ ദൈവീക കാര്യങ്ങൾ സംസാരിക്കാൻ തുടങ്ങി. പിന്നീട് അവർ ദൈവത്തിന്റെ വചനം എഴുതുകയും ചെയ്തു (പ്രവൃ.2:1-4; 1തെസ്സ. 2:13).

## സകല അധികാരവും യേശുവിന് നല്കി

മഹത്തായ കല്പനയിലെ ആദ്യത്തെ "എല്ലാം"എന്നതു യേശുവിനു നല്കിയ അധികാരത്തെ കുറിക്കുന്നതിനു ഉപയോഗിച്ചിരുന്നു. യേശു പറഞ്ഞു: സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. യേശു ഭൂമിയിലേക്കു വരുന്നതിനു മുൻപ് ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും ജനത്തോടു സംസാരിച്ചിരുന്നു (എബ്രാ.1:1). ഇപ്പോൾ ഒരു മാറ്റം വന്നിരിക്കുന്നു. ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തരം ദൈവം നമ്മോടു സംസാരിക്കുന്നു (എബ്രാ. 1:2). ഈ സത്യത്തെ ചിത്രീകരിച്ചിരിക്കുന്ന ഒരു പ്രധാനപ്പെട്ട സംഭവം മത്തായി 17:1-5 വരെയുള്ള ഭാഗങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. യേശു പത്രൊസിനെയും യാക്കൊബിനെയും അവന്റെ സഹോദരനായ യോഹന്നാനേയും കൂട്ടി തനിച്ചു ഒരു ഉയർന്ന മലയിലേക്കു കൊണ്ടു പോയി, അവരുടെ മുമ്പാകെ രൂപാന്തരപ്പെട്ടു. അവന്റെ മുഖം സൂര്യനെപ്പോലെ ശോഭിച്ചു അവന്റെ വസ്ത്രം വെളിച്ചം പോലെ വെള്ളയായി തീർന്നു. മോശയും ഏലിയാവും അവനോടു സംഭാഷിക്കുന്നതായി അവർ കണ്ടു. അപ്പോൾ പത്രൊസ് യേശുവിനോടു; കർത്താവേ നാം ഇവിടെ ഇരിക്കുന്നതു നന്നു; നിനക്കു സമ്മതമെങ്കിൽ ഞാൻ ഇവിടെ മൂന്നു കുടിൽ ഉണ്ടാക്കാം. ഒന്നു നിനക്കും ഒന്നു മോശെക്കും ഒന്നു ഏലിയാവിനും എന്നും പറഞ്ഞു. അവൻ പറഞ്ഞപ്പോൾ തന്നെ പ്രകാശമുള്ളോരു മേഘം അവരുടെ

മേൽ നിഴലിട്ടു മേഘത്തിൽ നിന്നു: ഇവൻ എന്റെ പ്രിയപുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിക്കുന്നു. ഇവനു ചെവി കൊടുപ്പിൻ എന്നു ഒരു ശബ്ദം ഉണ്ടായി- ഒരു കാലത്ത് മോശെയിൽ കൂടെയും ഏലിയാവിൽ കൂടെയും ദൈവം സംസാരിച്ചിരുന്നു. പക്ഷെ ഇപ്പോൾ അതിനു മാറ്റം വന്നു.

പിതാവ് ആരെയും ന്യായം വിധിക്കാതെ, എല്ലാവരും പുത്രനെ ബഹുമാനിക്കേണ്ടതിനു ന്യായം വിധിക്കാനുള്ള അധികാരം പുത്രനു കൊടുത്തിരിക്കുന്നു (യോഹ.5:22,23). യേശു യെഹൂദന്മാരോടു അരുളിച്ചെയ്തതാണിത്. ഞാൻ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വന്നിരിക്കുന്നു എന്നും എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്വാനത്രേ വന്നിരിക്കുന്നതെന്നും യേശു അവരോടു പറഞ്ഞു (യോഹ.6:38). അശുദ്ധാത്മാക്കളെ പുറത്താക്കിയും രോഗികളെ സൗഖ്യമാക്കിയും കൊണ്ടു യേശു തന്റെ ശക്തി പ്രദർശിപ്പിക്കയും ചെയ്തു (മർക്കൊസ് 1:32-37), കുഷ്ഠ രോഗികളെ സൗഖ്യമാക്കി (ലൂക്കോ.17:11-14), മരിച്ചവരെ പോലും അവൻ ഉയിർപ്പിച്ചു (ലൂക്കൊസ് 7:11-17; യോഹ. 11:17-46). ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ അനേകം അത്ഭുതങ്ങളും അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു. എന്നാൽ യേശു, ദൈവപുത്രനായ ക്രിസ്തു ആണെന്ന് നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസിച്ചിട്ടു അവന്റെ നാമത്തിൽ നിത്യജീവൻ ഉണ്ടാകേണ്ടതിനും അത്രേ ഇത് എഴുതിയിരിക്കുന്നത് (യോഹ.20:30,31).

## എല്ലാവരും സുവിശേഷം കേൾക്കണം

യേശുവിന്റെ ശിഷ്യന്മാർ ആദ്യ ഇസ്രായേലിലെ കാണാതായ ആടുകളെ അന്വേഷിച്ചിറങ്ങി (മത്താ.10:5,6). ഇപ്പോൾ മഹത്തായ ആജ്ഞ വിസ്തീർണ്ണ പരിധിക്കപ്പുറം പോകുന്നു. സർവ്വലോകത്തിലും സകല ജാതികളോടും സുവിശേഷം പ്രസംഗിക്കണം (മർക്കൊസ് 16:15,16). മാനസാന്തരവും പാപമോചനവും എല്ലായിടത്തും പ്രസംഗിക്കണം (ലൂക്കൊസ് 24:47). കാരണം എല്ലാവരും പാപികളാണ്. പാപത്തിന്റെ ശമ്പളം മരണമാണ് (റോമർ 3:23; 6:23). രക്ഷക്കുള്ള സുവിശേഷമെന്ന സുവാർത്തയാണ് അപ്പൊസ്തലന്മാർ സകല സൃഷ്ടികളോടും അറിയിച്ചു വന്നത് (കൊലൊസ്യർ 1:18-21; റോമർ

1:16). ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളത് വചനത്തിനു മാത്രം (യാക്കൊബ് 1:21).

### എല്ലാവരും വിശ്വസിക്കയും സ്നാനം ഏല്കയും വേണം

ശിഷ്യന്മാരാക്കുക എന്നതിൽ യേശുവിനോടു ചേരുവാനുള്ള സ്നാനപ്പെടുത്തൽ കൂടെ ഉൾപ്പെട്ടിരിക്കുന്നു (മത്തായി. 28:18,19). ഓരോ മനുഷ്യനും സുവിശേഷം കേൾക്കുകയും വിശ്വസിക്കുകയും വേണം (റോമർ 10:17; മർക്കൊസ് 16:16). മാനസാന്തരപ്പെട്ടു പാപ മോചനത്തിനായി സ്നാനം ഏല്കയും വേണം (പ്രവൃത്തി. 2:37,38). സ്നാനം മനുഷ്യരെ രക്ഷിക്കുമോ എന്നു സംശയിക്കുന്നവർ ഉണ്ട്. പക്ഷെ കർത്താവാണ് കല്പിച്ചിരിക്കുന്നത് (1പത്രൊസ് 3:21).

# വിധിക്കൽ ദൈവത്തിനു വിടുക

## *M.F* ബെയിലി

സകല മനുഷ്യർക്കും രക്ഷാകരമായ ദൈവ കൃപ ഉദിച്ചുവല്ലൊ എന്നു തീത്തൊസിന്റെ ലേഖനത്തിൽ നാം വായിക്കുന്നു (തീത്തൊസ് 2:11).

അനുസരിക്കാതിരിക്കുന്നവരിൽ ദൈവ കൃപ ലഭിക്കുമെന്ന് ബൈബിൾ ഒരു ഭാഗത്തും പറയുന്നില്ല. മുൻപ് അറിയായ്മയുടെ കാലത്തിൽ ദൈവം കരുണ കാണിച്ചിരുന്നെങ്കിൽ ഇപ്പോൾ അങ്ങനെ യല്ല (പ്രവൃത്തി 17:30,31). ക്രിസ്തുവിന് പുറത്ത് കൃപയില്ല. ക്രിസ്തുവിനെ അനുസരിക്കാതിരിക്കുന്നവർക്കു രക്ഷയുമില്ല. ക്രിസ്തുവിനെ കൂടാതെ കൃപയും രക്ഷയും ഉണ്ടെങ്കിൽ ക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്ന് അതിർ കടന്ന്പോകുന്ന ഒരുത്തനും ദൈവമില്ല; അതുകൊണ്ട് അവർക്ക് കൃപയുമില്ല (2 തിമൊഥെയോസ് 2:10; എബ്രായർ. 5:9).

### ക്രിയാത്മകമായും നിഷേധാത്മകമായും ദൈവം

## ന്യായം വിധിക്കും

മത്തായി 7:21-23 ദയവായി വായിച്ചാൽ ഈ രണ്ടു വിധത്തിലുള്ള വിധിയെയും അവിടെ കാണ്ടെത്താം. ദൈവേഷ്ടത്തെ മാനിക്കുന്നവർ ഒരു ഭാഗത്തും ദൈവേഷ്ടത്തെ മാനിക്കാത്തവർ മറുഭാഗത്തും ആണുള്ളത്. "എന്നോടു കർത്താവേ, കർത്താവേ എന്നുപറയുന്നവർ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്. കർത്താവേ കർത്താവേ നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും ഭൂതങ്ങളെ പുറത്താക്കുകയും വളരെ വീര്യപ്രവർത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോടു: അധർമ്മം പ്രവർത്തിക്കുന്നവരെ, ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല എന്നെ വിട്ടു പോകുവിൻ എന്നു തീർത്തു പറയും. ദൈവനാമം വൃഥാ എടുത്തിരിക്കുന്നവരേയും പിതാവിന്റെ ഇഷ്ടത്തെ തള്ളിക്കളയുന്നവരേയും ദൈവം വിധിച്ചു കഴിഞ്ഞിരിക്കുന്നു.

ഒരാൾ മരിച്ചു കഴിഞ്ഞാൽ ആത്മാവ് എവിടെ എത്തിച്ചേരുമെന്നു വിധിക്കാൻ ദൈവത്തിനേ കഴിയു എന്നു പറയുന്നവർ ഉണ്ട്. എന്നാൽ ദൈവത്തിന്റെ ആ അറിവു വെളിപ്പെടുത്തിയിരിക്കുന്ന തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്ന സത്യം നമുക്കു വിശ്വസിക്കാം. ആത്മാവ് സ്വർഗ്ഗത്തിൽ പോകുവാൻ ഒരാൾ ജീവനോടിരിക്കുമ്പോൾ എന്തു ചെയ്യണമെന്നു ദൈവം പറഞ്ഞിട്ടുണ്ട്. അതനുസരിച്ചാൽ സ്വർഗ്ഗത്തിൽ പോകും എന്നതു സുനിശ്ചിതമാണ്. അതനുസരിച്ചില്ലെങ്കിൽ നരകത്തിൽ പോകും എന്നതു തീർച്ചയാണ്. കാരണം അതു ദൈവം മുന്നറിയിച്ചിരിക്കുന്ന വസ്തുതയാണ്.

സ്തെഫാനൊസിനെ കല്ലെറിഞ്ഞ ആളുകൾ അവരുടെ പ്രവൃത്തികൾ നിമിത്തം പാപികളാണെന്നും അവരുടെ പാപത്തിനു അവർക്കു ശിക്ഷയുണ്ടെന്നും സ്തെഫാനൊസ് അറിഞ്ഞതുകൊണ്ടാണ് അവരോടു ക്ഷമിക്കണമെന്നു ദൈവത്തോടു പ്രാർത്ഥിച്ചത് (പ്രവൃത്തി.7:60) പൗലോസ്, ഹുമനെയൊസിനെയും അലക്സെന്തരിനെയും സാത്താനെ ഏല്പിക്കയുണ്ടായി (1തിമൊഥെയൊസ് 1:20). അലക്സെന്തർ പൗലൊസിനു വളരെ ദോഷം ചെയതു എന്നും കർത്താവു അതിനു പകരം ചെയ്യും എന്നും പൗലൊസ് പറഞ്ഞു (2

തിമൊഥെയോസ് 4:14). ദൈവ വചനത്തെ തള്ളിക്കളഞ്ഞ യഹൂദ ന്മാരെ പൗലൊസും ബർന്നബാസും വിധിക്കയുണ്ടായി (പ്രവൃത്തി 13:44-46). ഈ വേദഭാഗങ്ങളിൽ നിന്നും മറ്റു വേദഭാഗങ്ങളിൽ നിന്നും നിത്യമായ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുന്നവർ എങ്ങനെയുള്ളവർ എന്നു തെളിവുകൾ കൽപനകൾ അനുസരിച്ച് മരണ പര്യന്തം വിശ്വ സ്തരായി ജീവിച്ചാൽ ജീവ കിരീടം ഉറപ്പാണ് (വെളിപ്പാട് 2:10).

### അജ്ഞത പരമാനന്ദമാണ്-ഏതുവരെ?

അജ്ഞത കൊണ്ടുണ്ടാകുന്ന നഷ്ടം തിരിച്ചറിയുന്നതുവരെ ആനന്ദമാണ്. നമ്മെ അതു പിന്നീട് ദുഃഖിപ്പിക്കും. അറിവില്ലാതെയി രുന്നു അവസാനം ദൈവത്താൽ കരുണ ലഭിക്കുമെങ്കിൽ ലോകം മുഴുവൻ പോയി സുവിശേഷം അറിയിക്കുവാൻ യേശു പ്രസ്താവി ക്കേണ്ട ആവശ്യം ഇല്ലായിരുന്നു. കർത്താവിനെ ഭയപ്പെടേണം എന്നു അറിഞ്ഞതു കൊണ്ടാണ് അപ്പോസ്തലന്മാർ മനുഷ്യരെ സമ്മതിപ്പി ച്ചത്. ഒരു പട്ടണത്തിൽ വാൾ വരുന്നു എന്ന മുന്നറിയിപ്പുണ്ടായിട്ടും അജ്ഞതയിൽ കഴിഞ്ഞാൽ അവർ ഛേദിക്കപ്പെടും എന്നതു തീർച്ച യാണ്. ഒരാൾ തന്റെ ആയുഷ്കാലം മുഴുവൻ അറിവില്ലാതെ കഴി ഞ്ഞാൽ അതിനു ദൈവത്തെ കുറ്റപ്പെടുത്താവുന്നതല്ല (മർക്കൊസ് 16:15,16; പ്രവൃത്തി. 2:38; മത്തായി 28:18-20). അറിവില്ലായ്മ പുതിയ നിയമ കാലയളവിൽ ന്യായീകരിക്കാവുന്നതല്ല.

✶

## ദുഷ്ടനു സമൃദ്ധി എന്തുകൊണ്ട്?

**ജോണി രാംസെ**

പുരാതന ഗ്രീക്കു ചിന്തകന്റെ ഒരു ചൊല്ല് ഇപ്രകാരം പറയപ്പെ ടുന്നുണ്ട്. "ജീവിതം എന്നതു കാണികളുടെ സദസാണ്; അതിൽ ഏറ്റവും നല്ല ഇരിപ്പിടങ്ങളിൽ ഇരിക്കുന്നത് മോശമായ ആളുകളാണ്". വളരെയധികം പേർക്കു മനസിലാക്കാൻ പറ്റാത്ത ഒരു പ്രതിഭാസ മാണ് മോശമായ ആളുകൾ നന്മ അനുഭവിക്കുന്നു എന്നത്. സങ്കീർത്തനക്കാരനും യിരമ്യാ പ്രവാചകനും ഈ ചോദ്യം ചോദി

ക്കുന്നുണ്ട്. ദുഷ്ടൻ മേൽക്കുമേൽ അഭിവൃദ്ധി പ്രാപിക്കുന്നതെന്തു കൊണ്ട്? മറ്റു മനുഷ്യർക്കുണ്ടാകുന്ന വേദനകൾ അവർക്കുണ്ടാകു ന്നില്ലല്ലോ. അവർക്കു സൗഖ്യം എന്തുകൊണ്ട് എന്നു നീതിമാന്മാർ ആരായുന്നു. പാപികളായ മനുഷ്യർ എത്രത്തോളം ഭൂമിയിലെ നന്മ കൾ അനുഭവിക്കും? സാധാരണ മനുഷ്യന്റെ മനസിലേക്കു കടന്നു വരുന്ന ചിന്തയിതാണ്. ദൈവം ഇവരെ എന്തു കൊണ്ടു ഇങ്ങനെ വളരാൻ സഹായിക്കുന്നു? നമ്മുടെ ദൈവം കൃപാലുവാണ്. എല്ലാ വരേയും സ്നേഹിക്കുന്നുണ്ട്. എല്ലാവരോടും ദയയും കരുണയും കാണിക്കുന്നവനാണ്. ഈ ഭൂമിയിൽ ജീവിക്കുന്ന നീതിമാനും ദുഷ്ടനും ഒരേ പോലെ അനുഭവിക്കാൻ പൊതുവായി നല്കുന്ന അനേകം വസ്തുക്കൾ ഉണ്ട്. മഴയും, മഞ്ഞും, വെയിലും, പകലും, രാത്രിയും എല്ലാം ഇതിൽ ഉൾപ്പെടും (മത്തായി 5:47; പ്രവൃത്തി. 14:17). എന്തുകൊണ്ട് അഭക്തരായ മനുഷ്യർ ഇങ്ങനെ തഴെച്ചു വള രുന്നു?

### 1. അവർ വാസ്തവത്തിൽ അഭിവൃദ്ധിപ്പെടുകയാണോ?

വാസ്തവത്തിലുള്ള ഉയർച്ചയല്ല പാപി അനുഭവിക്കുന്നത്. ഭൂമി യിലെ യഥാർത്ഥ സുഖം അനുഭവിക്കുന്നത് സൗമ്യതയുള്ളവരാ ണ്. സാമ്പത്തികമായി സമ്പന്നതയിൽ കഴിയുന്ന ദുഷ്ടന്മാരെ സംബ ന്ധിച്ച് അവർ എപ്പോഴും ഭയപ്പെട്ടു കഴിയുകയാണ്. അവരുടെ മന സിൽ ഒരു സ്വസ്ഥതയുമില്ല. സുഖമായ നിദ്രപോലും അവർക്കു അന്യമായി തീർന്നു. എന്നാൽ പറമെ കാണുന്നവർക്ക് അവർ സമൃദ്ധി അനുഭവിക്കുന്നു എന്ന തോന്നലുണ്ടാകും. ഭൗതികമായ ഇവരുടെ ഉയർച്ച കണ്ടു അതിശയിക്കേണ്ട കാര്യമില്ല. അവിഹിത മാർഗ്ഗത്തി ലൂടെ അവർ ധനം സമ്പാദിക്കുന്നു. അതിന്റെ ഭവിഷ്യത്ത് അവർ അനുഭവിക്കുന്നു. ആത്മീയ സന്തോഷമോ സമാധാനമോ ലഭിക്കാത്ത ഇവരുടെ അന്ത്യം ശോചനീയം തന്നെ. പണം ഉണ്ടായാൽ സർവ്വ പ്രശ്നങ്ങളും തീരുമെന്ന് ധരിച്ചിരിക്കുന്നവർ ചതിയിലും കണിയിലും പരീക്ഷയിലും ആണ് അകപ്പെട്ടിരിക്കുന്നത്. ധനം കൊണ്ടു നേടി യെടുക്കാൻ പറ്റാത്ത നന്മകൾ പലതുണ്ട്. ദൈവം അതു സൗജന്യ മായി നല്കും. പക്ഷെ അതൊന്നും ദുഷ്ടന്മാർക്കു അനുഭവിക്കാൻ കഴിയുകയില്ല,അനീതി പ്രവർത്തിക്കുന്ന ആർക്കും ദൈവത്തിന്റെ വിലയേറിയ ആത്മിയ അനുഗ്രഹങ്ങൾ കിട്ടുകയില്ല. അതു കൊണ്ട്

ദുഷ്ടൻ നഷ്ടമാക്കുന്നതിനെ കുറിച്ചാണ് നാം ചിന്തിക്കേണ്ടത്.

## 2. അവർ എന്തിലാണ് വളരുന്നത്.

ദുഷ്ട വിചാരമുള്ള ഏതൊരാളും യോഗ്യമായ രീതിയിലല്ല ജീവിക്കുന്നത് എന്നു നമുക്കറിയാം. മാന്യമായ പരിശ്രമമല്ല അവർ തിരഞ്ഞെടുത്തിരിക്കുന്നത്. അവരുടെ ദുഷ്പ്രവൃത്തികളെ അവർ എങ്ങനെ മൂടി വെക്കുന്നു? അവർ ഏർപ്പെടുന്ന വ്യാപാരങ്ങൾ എല്ലാം സാമൂഹ്യതിന്മ ലക്ഷ്യമാക്കിയതായിരിക്കും. അവർ മറ്റുള്ളവരെ കവർന്നെടുക്കയോ, ചൂഷണം ചെയ്യുകയോ മോഷ്ടിക്കയോ ചെയ്യുന്നു; ചതിക്കയും വഞ്ചിക്കയും ചെയ്യുന്നു. ചുരുക്കിപറഞ്ഞാൽ അവരുടെ സേവനങ്ങൾ ഒന്നും സത്യസന്ധമല്ല. ആത്മാർത്ഥമായി അവരെ പൂർണ്ണമായി ആരും വിശ്വസിക്കയുമില്ല. ശരിയായ ഒരു കുടുംബം പണിതുയർത്തുന്നതിൽ അവർ ഉയരുന്നില്ല. അന്യോന്യമുള്ള യഥാർത്ഥ ബന്ധം പുലർത്തുവാൻ അവർക്കു കഴിയാറില്ല. ഒരു സമൂഹത്തിന് പുകഴ്ച്ച ലഭിക്കുന്നതു നല്ല കുടുംബങ്ങളുടെ പുരോഗതി നിമിത്തമാണ്. അതെങ്ങനെ സംജാതമാകും എന്നു ഇവർക്കറിഞ്ഞുകൂടാ. സ്വാർത്ഥ മോഹികളായ ഇവർ തങ്ങളുടെ ഇടുങ്ങിയ മനസുമായി നീങ്ങുന്നു. ആത്മ രക്ഷക്കു ദൈവവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ജീവിതമാണ് ശ്രേയസുള്ള വ്യക്തിത്വത്തെ വാർത്തെടുക്കുന്നത്. ലോകത്തിന് വെളിച്ചം പകരുവാൻ ദുഷ്ടന്മാർക്കു എങ്ങനെ കഴിയും? അവർ ഇരുട്ടിലാണ് വസിക്കുന്നത്. അവരുടെ സ്വാധീന മാർഗ്ഗമെല്ലാം അവിശുദ്ധമായിരിക്കും.

ദൈവത്തെ അനുസരിച്ച് ജീവിക്കുന്ന മനുഷ്യരാണ് യഥാർത്ഥത്തിൽ ഭാഗ്യവാന്മാർ. അവർക്കു മാനസിക സംഘർഷങ്ങളോ പിരിമുറുക്കമോ, സമ്മർദ്ദമോ അനുഭവപ്പെടുന്നില്ല. അവർക്കുള്ളതുകൊണ്ട് തൃപ്തിയായി ജീവിക്കാൻ പറ്റുന്നു. അവർ ഈ ലോകത്തിലുള്ളവർക്ക് ഒന്നും അമിത പ്രാധാന്യം കല്പിക്കാത്തതുകൊണ്ട് ഉല്ക്കണ്ഠ ഉണ്ടാകുന്നില്ല. തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ അവർ ഒരിക്കലും വളഞ്ഞ വഴി കണ്ടെത്താതെ ദൈവത്തിൽ ഭരമേല്പിക്കും. അതുകൊണ്ട് അവർ അധികം ക്ലേശിക്കാറില്ല. എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവ സമാധാനം നിങ്ങളുടെ ഹൃദയങ്ങളേയും നിനവുകളേയും ക്രിസ്തുയേശുവിങ്കൽ കാക്കും (ഫിലിപ്പിയർ 4:7). ദൈവത്തിൽ നിന്നാണ് നമുക്കു നീണ്ടുനില്ക്കുന്ന

സന്തോഷവും സമാധാനവും ലഭിക്കുന്നത്. മറ്റെല്ലാം താല്ക്കാലിക മാണ്. അതുകൊണ്ടാണ് ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കാൻ പറഞ്ഞിരിക്കുന്നത്. ഭൂമിയും അതിലുള്ള പണികളൊക്കെയും വെന്തുപോകുന്ന ഒരു ദിവസം വരും.

### ദുഷ്ട സമൃദ്ധി എത്രകാലം?

ഭൗതീകനിക്ഷേപങ്ങളിലാണ് ദുഷ്ടന്മാരുടെ ലാക്ക്. അവർക്ക് സ്വർഗ്ഗത്തിൽ നിക്ഷേപമില്ല (മത്തായി 6:20). തിന്നുക, കുടിക്കുക, ആനന്ദിക്കുക, നാളെ ചാകുമല്ലൊ എന്നതാണ് അവരുടെ തത്വം. അതുകൊണ്ട് ഈ ലക്ഷ്യം നേടുക എന്നതു മാത്രമാണ് അവരുടെ ഉന്നം. ദ്രവ്യാഗ്രഹം മനുഷ്യന്റെ ധാർമ്മികതത്വത്തെ നീക്കം ചെയ്യുന്നു. ലോകത്തിലുള്ള വസ്തുക്കൾ നേടിയെടുക്കണമെന്ന മോഹം ആളുകളെക്കൊണ്ടു തെറ്റു ചെയ്യിപ്പിക്കുന്നു. അതിൽ നിന്നു കര കയറാനും രക്ഷപ്പെടാനും വേറെ തെറ്റുകുറ്റങ്ങളിൽ ഏർപ്പെടുന്നു. ഇങ്ങനെയാണ് അവർക്കുള്ളിൽ ഭയവും കുറ്റാരോപണവും വർദ്ധിച്ചു വരുന്നത്. ആകയാൽ ദുഷ്ടന്റെ ബാഹ്യമായ ഉയർച്ച പെട്ടെന്നു അവനു തന്നെ വിനാശമായി ഭവിക്കും. അധികം നീണ്ടുപോകയില്ല എന്നർത്ഥം. ദൈവത്തിനു പ്രയോജനമില്ലാത്തവരാണ് ദുഷ്ടന്മാർ. ഫലം പുറപ്പെടുവിക്കാത്തവർ ആണല്ലോ അവർ. അങ്ങനെയുള്ള വരുടെ അന്ത്യം, ഫലം കായ്ക്കാത്ത അത്തിയുടേതിനു സമമായി രിക്കും.

യഥാർത്ഥ ക്രിസ്ത്യാനി ഇത്തരം കാര്യങ്ങളിൽ വിഷമിക്കേണ്ട കാര്യമില്ല. ആത്മാവിനെ ദൈവ കരങ്ങളിൽ ഏൽപിക്കുവാൻ ശ്രമി ക്കുക. ശരീരം പൊടിയിലേക്കു തിരികെ ചേരുന്നതുവരെ ദൈവ നീതി നിർവ്വഹിച്ച് ആത്മാവിനു ദോഷം സംഭവിക്കാതെ നോക്ക ണം. ജഡം ബലഹീനവും ആത്മാവ് ഒരുക്കമുള്ളതും ആകുന്നു.

★

# കണക്കിലെടുക്കേണ്ടത് ചിന്തയാണ്

**ചക്ക്‌വെബ്സ്റ്റർ**

നിങ്ങളുടെ കുട്ടിയോ പങ്കാളിയോ ഒരു തികഞ്ഞ ദാനത്തിനായി അതിവാഞ്ഛയോടെ കാത്തിരുന്നിട്ടു ഒരു നിസാരമായതു മാത്രമാണ് കിട്ടിയത്. അതു ആരാണ് അത്ര കാര്യമായിട്ടെടുക്കുന്നത്? ആ സമ്മാനത്തിനു പിന്നിലുള്ള ചിന്തയാണ് വാസ്തവത്തിൽ പ്രാധാന്യമേറിയത്. രാവിലെ ജോലിക്കു പോകുന്നതിനു മുമ്പ് ഒരാൾ തന്റെ മകനെ ഒരു ജോലി ഏല്പിച്ചിട്ടാണ് പോയത്. തിരിച്ചു വന്നപ്പോൾ ആ ജോലി പൂർത്തിയാക്കാതെ കിടന്നിരുന്നു. അയാളുടെ ചിന്ത ആ മകനെ കുറിച്ചു തന്നെയായിരിക്കും. ആ മകനെ കാണുമ്പോൾ അവനോടു ചോദിക്കേണ്ടതും പറയേണ്ടതുമായ കാര്യങ്ങളെ കുറിച്ചു ചിന്തിക്കും. ആ കുട്ടിയുടെ ചിന്ത മറ്റൊന്നായിരിക്കും. മൊത്തത്തിൽ മനുഷ്യന്റെ ചിന്തയാണ് നാം കണക്കിലെടുക്കേണ്ടത്. മതപരമായ കാര്യങ്ങളിലും അതു ശരിയാണെന്നു നിങ്ങൾക്കു തോന്നുന്നില്ലേ? മനസിനെ നാം ഉപയോഗിക്കുന്നതാണല്ലോ ചിന്ത.

നമ്മുടെ വിചാരങ്ങളെ കുറിച്ച് ദൈവം കരുതലുള്ളവനാണ്. യേശുക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷാവേളയിൽ അവൻ ആളുകളോടു പല അവസരങ്ങളിൽ അവരുടെ വിചാരങ്ങൾ എന്ത് എന്ന് അന്വേഷിക്കുന്നുണ്ട്. ഹൃദയ നിരൂപണങ്ങൾ അറിഞ്ഞിരുന്നവനായിരുന്നു കർത്താവ് (മത്തായി 9:4; 17:25; ലൂക്കൊസ് 10:36; 13:4). ഹൃദയത്തിനു ഊന്നൽ കൊടുത്തുകൊണ്ട് വേദപുസ്തകത്തിൽ പറയുന്നുണ്ട്. കാരണം നമ്മുടെ ഹൃദയത്തിൽ നിന്നു വിചാരം ഉടലെടുക്കയും അങ്ങനെ അതു പ്രവൃത്തിപഥത്തിൽ എത്തിക്കുകയും ചെയ്യുന്നു (മത്തായി 5:28; 12:34,35). ഫിലിപ്പിയരെ അപ്പൊസ്തലൻ ഉത്തേജിപ്പിക്കുന്നതു ഈ അവസരത്തിൽ നമുക്കും വളരെ ഫലപ്രദമാണ്. ഒടുവിൽ സഹോദരന്മാരെ, സത്യമായതു ഒക്കെയും ഘനമായതു ഒക്കെയും നീതിയായതു ഒക്കെയും നിർമ്മലമായതു ഒക്കെയും രമ്യമായതു ഒക്കെയും സൽക്കീർത്തിയായതു ഒക്കെയും സൽഗുണമോ പുകഴ്ച്ചയോ അതു ഒക്കെയും ചിന്തിച്ചുകൊൾവിൻ (ഫിലിപ്പിയർ 4:8).

നാം ദൈവത്തോടു പ്രാർത്ഥിക്കാറുണ്ട് അല്ലേ? ആ യാചനയിൽ ഉൾപ്പെടുത്തേണ്ട ഒരു കാര്യം നാം മറന്നു പോകരുത്. ശരിയല്ലാത്ത വാക്കുകളോ ചിന്തകളോ നമ്മിൽ വരാതിരിക്കാൻ അതു അത്യാവശ്യമാണ്. ദാവീദിന്റെ പ്രാർത്ഥന കേൾക്കുക: എന്റെ

പാറയും എന്റെ വീണ്ടെടുപ്പുകാരനുമായ യഹോവേ, എന്റെ വായിലെ വാക്കുകളും എന്റെ ധ്യാനവും നിനക്കു പ്രസാദകരമായിരിക്കട്ടെ (സങ്കീർത്തനങ്ങൾ 19:14). നമ്മുടെ വിചാരങ്ങളും ദൈവത്തിന്റെ വിചാരങ്ങളും വിഭിന്നമാണ്. അതുകൊണ്ട് നാം ഭക്തിയോടെ, പ്രാർത്ഥനയോടെ തിരുവെഴുത്തുകൾ ധ്യാനിക്കണം. അകൃത്യം നമ്മുടെ അധരങ്ങളിൽ നിന്നു പുറപ്പെടാതിരിക്കാൻ സൂക്ഷിക്കണം. നമ്മുടെ ഹൃദയത്തെ നാം വിശുദ്ധമായി സൂക്ഷിക്കണം. എങ്കിൽ മാത്രമേ നമുക്കു ദൈവത്തെ കാണാൻ കഴിയുകയുള്ളു. എങ്കിലേ ദൈവം നമ്മുടെ ഉള്ളിൽ വസിക്കയുള്ളു. നാം ദൈവത്തിനോ ദൈവനിയമത്തിനോ വിരോധമായി ദോഷം നിരൂപിക്കരുത്. ഹൃദയത്തെ വിശുദ്ധീകരിക്കാൻ യേശുക്രിസ്തുവിന്റെ രക്തം മതിയായതത്രെ. അവന്റെ രക്തത്തോടു ബന്ധപ്പെടുന്നവരുടെ ഹൃദയങ്ങളെ അവൻ നിർമ്മലീകരിക്കുന്നു.

ദൈവത്തോടുള്ള നമ്മുടെ ബന്ധത്തിൽ ശരിയായ ചിന്തകൾ നിർബന്ധമായും ഉണ്ടായിരിക്കണം. എന്നാൽ അതു മാത്രം മതി എന്നു കരുതരുത്. ശരിയായ ചിന്ത ശരിയായ ക്രിയയിലേക്കു നമ്മെ നയിക്കണം. അതായതു ശരിയായ ജീവിതം സേവനവും നയിക്കണം എന്നർത്ഥം. നേരായി ചിന്തിക്കുവാനും അതേ സമയത്തു തെറ്റു പ്രവർത്തിക്കുവാനും കഴിയും. ഉദാഹരണമായി കൊർന്നെല്ല്യോസിനെ എടുക്കാം. അവന്റെ ഹൃദയത്തിൽ ദോഷമുള്ളതായി ഒന്നുമുണ്ടായിരുന്നില്ല. ലൂക്കൊസ് അവനെ സംബന്ധിച്ച് പറയുന്നത്: അവൻ ഭക്തനും തന്റെ സകല ഗൃഹത്തോടും കൂടെ ദൈവത്തെ ഭയപ്പെടുന്നവനായി ജനത്തിനു വളരെ ധർമ്മം കൊടുത്തും എപ്പോഴും ദൈവത്തോടു പ്രാർത്ഥിച്ചും പോന്നു. എന്നാൽ കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷം കേട്ട് അനുസരിക്കതെ ജീവിച്ചിരുന്നു. അതായിരുന്നു അവന്റെ തെറ്റ്. ആകയാൽ പത്രൊസ് അവനോടും അവന്റെ വീട്ടിലുള്ള എല്ലാവരോടും സുവിശേഷം അറിയിച്ചു. കൊർന്നെല്ല്യോസ് സുവിശേഷം കേട്ടപ്പോൾ അവൻ ശരിയായി ചിന്തിക്കാൻ തുടങ്ങി. സുവിശേഷം അനുസരിച്ചു സ്നാനമേറ്റപ്പോൾ അവന്റെ വിചാരങ്ങൾ കണക്കിലെടുത്തു. വെറും ദൈവഭക്തിയോ, ദാനധർമ്മമോ, പ്രാർത്ഥനയോ മാത്രം പോരാ.

അധരം കൊണ്ടു ദൈവത്തെ ബഹുമാനിക്കയും ഹൃദയം ദൈവ

ത്തിൽ നിന്നും അകറ്റി നിർത്തുകയും ചെയ്യുന്നവർ ധാരാളം പഴയ നിയമ കാലം മുതൽ ഇന്നുവരെയുണ്ട്. അത്തരം കാപട്യ വിശ്വാസ ജീവിതം ദൈവം വെറുക്കുന്നു (മത്തായി 15:9). ദൈവത്തിന്റെ വിചാരത്തോട് നമ്മുടെ വിചാരങ്ങളെ നാം സാമ്യപ്പെടുത്തി നോക്കണം. ആത്മീയ കാര്യങ്ങളിൽ നമ്മുടെ ചിന്തയുടെ സ്ഥാനം എവിടെ നിൽക്കുന്നു? ദൈവത്തെ ആശ്രയിക്കുന്നവർ അതു എല്ലായ്പ്പോഴും തങ്ങളിൽ സൂക്ഷിക്കണം. ഈ ലോക ജീവിതത്തിനായുള്ള ഒരുപാധിയായി മാത്രം നാം ദൈവീകകാര്യങ്ങളെ കണക്കിലെടുക്കരുത്. ലൗകീക നീതിയേക്കാൾ ദൈവീക നീതിയായിരിക്കണം നമ്മുടെ ഉള്ളിൽ വേണ്ടത്. ധാർമ്മീകമോ മതപരമോ ആയ പ്രവർത്തികൾ നാം ചെയ്യുമ്പോൾ അതിൽ ദൈവം സംപ്രീതനാകുമോ എന്നു നാം ചിന്തിക്കണം. നാം ചിന്തിക്കേണ്ട മറ്റൊരു കാര്യം പ്രവർത്തികളുടെ പരിണിത ഫലങ്ങൾ ആണ്. ഓരോ പ്രവർത്തിക്കും അതിന്റേതായ പ്രതിഫലമോ പ്രത്യാഘാതമോ ഉണ്ടാകും എന്നു ഓർമ്മിക്കുക.

മനസാക്ഷിയിൽ ആശ്രയിച്ചു ജീവിക്കുന്നവർ ധാരാളം ഉണ്ട്. കേവലം നല്ല മനസാക്ഷിയോടു കൂടെ ജീവിച്ച മനുഷ്യനായിരുന്നു തർസൊസുകാരനായിരുന്ന ശൗൽ (പ്രവൃത്തി23;1). താൻ ചെയ്യുന്നതെല്ലാം ശരിയാണെന്നും അതു ദൈവത്തിനു പ്രസാദകരമായിരിക്കും എന്നു ചിന്തിച്ചവനായിരുന്നു അവൻ. എന്നാൽ അവന്റെ ചിന്തകളും പ്രവർത്തികളും തെറ്റായിരുന്നു. അവന്റെ പ്രവർത്തികളെല്ലാം കർത്താവിന്റെ സഭയെ ഉപദ്രവിക്കയും മുടിക്കയും ചെയ്യുന്നതിനു വേണ്ടിയായിരുന്നു. അതു കർത്താവിനെ ഉപദ്രവിക്കുന്നതിനു തുല്യമാണ്. പക്ഷെ സത്യം അനുസരിപ്പാനുള്ള നല്ല ഒരു ഹൃദയം അവനുണ്ടായിരുന്നു. അവൻ സത്യം അനുസരിച്ചപ്പോൾ ദൈവം അവനെ ഏറ്റവും പ്രസിദ്ധനായ ദൈവ ശുശ്രൂഷക്കാരനാക്കി ഉയർത്തി (പ്രവൃത്തി 9:1-31).

അപ്പോൾ എന്താണ് പ്രതിവാദം പറയുവാനുള്ളത്? ചിന്തയാണ് നാം പരിഗണനക്കായി എടുക്കേണ്ടത്. ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കുന്ന ഏതൊരാളുടേയും വിചാരവും പ്രവർത്തിയും പരമ പ്രധാനമാണ്. നല്ല ചിന്തകൾ നമ്മെ നല്ല പ്രവർത്തിയിലേക്കു നയിക്കും. ദൈവത്തെ സേവിക്കേണ്ടവരാണ് എല്ലാവരും അതു കൊണ്ടു എല്ലാവർക്കും ഇതു ബാധകമാണ്. ചിന്തയും ജീവിതവും

ഗണനീയം തന്നെ.

# വളരെ ദൂരെ ഒരു കുന്നിന്മേൽ

## നീൽ പൊളാർഡ്

ഒരു യുവ ക്രിസ്ത്യാനി തന്റെ ജീവിതത്തിൽ സംഭവിച്ചുകൊണ്ടിരക്കുന്ന ശാപഗ്രസ്തമായ സംഭവങ്ങളും വിവിധ ആവശ്യങ്ങളും യുക്തിയുക്തമായി അപഗ്രഥനം ചെയ്തുകൊണ്ടിരിക്കുന്നു. ബൈബിൾ പഠന സമയത്തും ആരാധന നടന്നുകൊണ്ടിരിക്കുമ്പോഴും ചിലർ ഉറങ്ങിക്കൊണ്ടിരിക്കുന്നു. ഒരു സ്ത്രീ തന്റെ കൂട്ടുകാരിയെകുറിച്ചു മോശമായി സംസാരിക്കുന്നു. ചിലർ നിസാരമായ കാരണങ്ങളാൽ ആരാധന മുടക്കുന്നു. കർത്തൃമേശ എടുക്കുന്ന സമയത്തു പലരും നിശബ്ദതയിൽ തങ്ങൾ അതെടുക്കുവാൻ അയോഗ്യർ എന്ന് കരുതി കഴിയുന്നു. ചില സഹോദരന്മാർ സഭാപ്രവർത്തനങ്ങളിൽ നിന്നു വിട്ടു നിൽക്കുന്നു. ഇവരെല്ലാം ദൈവ മക്കളല്ലേ? ഈ വിലയേറിയ ദൈവ ഭവനത്തിലെ അവന്റെ മക്കൾക്കു എന്തു സംഭവിച്ചു? എന്തു കൊണ്ടാണ് ആളുകൾ ഈ വ്യത്യസ്ഥ മനോഭാവങ്ങളിലേക്കു വഴി മാറി പോകുന്നു? നിങ്ങൾ ഇതിനെ കുറിച്ചു ചിന്തിച്ചിട്ടുണ്ടോ?

ധരാളം രചനകൾ ആവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്. അവയിൽ എല്ലാം ഏക പ്രശനം മാത്രമാണുള്ളത്. എന്തു കൊണ്ടു ആളുകൾ, ക്രിസ്ത്യാനികൾ അടക്കം തെറ്റുകൾ ചെയ്യുന്നു? അല്ലെങ്കിൽ ശരിയായതു ചെയ്യുവന്നതിൽ പരാജയപ്പെടുന്നതു എന്തു കൊണ്ട്? അവരുടെ വീക്ഷണം ആ കുന്നിന്മേൽ ഇല്ല. അങ്ങു ദൂരെ അവർക്കു വേണ്ടി ഒരു മലയിൽ, മരത്തിന്മേൽ തൂങ്ങേണ്ടി വന്നതു അവർ കാണുന്നില്ല. വേദനയും ലജ്ജയും സ്വയം ഈ ലോകത്തിനു വേണ്ടി സഹിച്ചു മരണത്തിനു ഏൽപിച്ചു കൊടുത്ത ത്യാഗവാൻ മനുഷ്യമനസ്സിൽ നിന്നും വളരെ അകലെയായി തീർന്നിരിക്കുന്നു. ക്രിസ്തുവിന്റെ മരണത്തെ യാഥാർത്ഥ്യ ബോധത്തോടെ അവർ കണ്ടിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

ക്രിസ്തുവിന്റെ ക്രൂശിന്റെ അർത്ഥം നഷ്ടമാക്കുന്നവർക്കു സംഭവിക്കുന്നത് അപകടം തന്നെയാണ്. അവർക്കും അവർ ബന്ധപ്പെടുന്ന ആളുകൾക്കും അതു തീരാനഷ്ടം വരുത്തി തീർക്കും

ക്രൂശിന്റെ വചനമാണ് ഇന്നു ലോകത്തിലു അത്യന്താപേക്ഷിതമായിരിക്കുന്നത്. യേശുവിന്റെ ക്രൂശിലെ മരണം നിസാരമായി തള്ളികളയാവുന്ന ഒന്നല്ല. ആ യാഗവുമായി ബന്ധപ്പെടാതെ ആരുടേയും ജീവിതം ശരിയായ മോചനം പ്രാപിക്കുന്നില്ല. അപ്പോസ്തലനായ പൗലൊസ് പ്രസ്താവിച്ചിരിക്കുന്നതു: സ്നാനം കഴിപ്പാൻ അല്ല, സുവിശേഷം അറിയിപ്പാനത്രേ ക്രിസ്തു എന്നെ അയച്ചതു: ക്രിസ്തുവിന്റെ ക്രൂശു വ്യർത്ഥമാകാതിരിക്കേണ്ടതിനു വാക്ചാതുര്യത്തോടെയല്ല താനും" (1കൊരിന്ത്യർ1:17). ഇതിൽ നിന്നും സ്നാനം വേണ്ട എന്ന അർത്ഥമല്ല; മറിച്ച് സ്നാനം കഴിപ്പിക്കുക എന്നതു ആർക്കുമാകാം. പക്ഷേ തന്നെ ദൈവം അയച്ചതിന്റെ ഉദ്ദേശത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്.

ക്രൂശിന്റെ പ്രസക്തി എന്താണെന്നു അറിയാത്തവർ അതിനെ തെറ്റായി ഉപയോഗിക്കുന്നു. ക്രിസ്ത്യാനികളുടെ സ്നേഹിതന്മാർക്കും സഹ പ്രവർത്തകർക്കും അവരുടെ പ്രവൃത്തികൾ അപമാനം വരുത്തുന്നുണ്ടോ? (എബ്രായർ 6:4-6). ക്രിസ്തുവിനെ വേദനിപ്പിക്കുന്ന സ്വഭാവക്കാർ ക്രൂശിനെ തങ്ങളുടെ ഹൃദയത്തിൽ വെറും ഒരു കെട്ടുകഥയായി സൂക്ഷിച്ചിരിക്കുന്നു. ലോകത്തെ സ്നേഹിച്ചുകൊണ്ടു ഒരു ക്രിസ്ത്യാനി ക്രിസ്തുവിന്റെ ശക്തി ത്യജിക്കുന്നവനായി മാറും. ഈ മനോഭാവം വളർന്നു വരികയും ക്രമേണ അയാൾ ക്രൂശിന്റെ ശത്രുവായി മാറുകയും ചെയ്യും. അങ്ങനെ ആത്മീയമായി ദൈവ നിയമത്തെ അവഗണിച്ചു ജീവിക്കുമ്പോൾ ദൈവത്തിനു തന്നെ ശത്രുവായി തീരുന്നു. ക്രിസ്തുവിനെക്കാളും ദൈവത്തെക്കാളും ലോകത്തിനു പ്രാധാന്യം കൊടുക്കുന്നതു വളരെ ഗൗരവമായ പ്രത്യാഘാതം വിളിച്ചു വരുത്തും (എഫെസ്യർ 3:11; യാക്കൊബ് 4:4).

## ഓർമ്മിക്കുക-ക്രൂശ് യഥാർത്ഥമാണ്

അതുതന്നെയാണ് ദൈവത്താൽ അയക്കപ്പെട്ട പൗലൊസ് പ്രതിപാദിച്ചിരിക്കുന്നതു (1കൊരിന്ത്യർ 15:1-4). ക്രിസ്തുവിന്റെ ക്രൂശിന്റെ കാലയളവിൽ ജീവിച്ചിരുന്ന സമകാലികൾ അതിന്റെ ചരിത്ര പരമായ വിശ്വാസ്യതയെ അധികാരപ്പെടുത്തുന്നു. അവിശ്വാസികളും സംശയാലുക്കളും ഈ സത്യ വസ്തുതയെ അവഗണിച്ചിരിക്കുന്നു. പക്ഷെ യാഥാർത്ഥ്യത്തെ ഒരിക്കലും ഇല്ലാതാക്കാൻ ആർക്കും കഴി

യുകയില്ല. നമ്മുടെ രക്ഷകന്റെ തുറന്ന രക്ഷാപദ്ധതിയുടെ ഉപദേശം ആ അടിസ്ഥാനത്തിന്മേലുള്ളതാണ് (റോമർ 6:17,18), തിരുവെഴുത്തിൻ പ്രകാരം യഥാർത്ഥമായി ക്രിസ്തു മരിച്ചു, അടക്കപ്പെട്ടു, ഉയർത്തെഴുന്നേറ്റു എന്നതിനു സാക്ഷികൾ ധാരാളമുണ്ട്. അതുകൊണ്ടു യേശുവിന്റെ ക്രൂശ് വാസ്തവത്തിൽ സംഭവിച്ചതു തന്നെ.

## ഒർമ്മിക്കുക-ക്രൂശ് വാസ്തവത്തിൽപ്രധാനപ്പെട്ടതാണ്.

എല്ലാവരുടേയും പാപങ്ങൾക്കു വേണ്ടിയാണ് യേശു കുരിശിൽ മരിച്ചതു (റേമർ 5:8). നിസാരമെന്നും ചെറുതെന്നും തോന്നുന്ന പാപങ്ങൾക്കു വേണ്ടി അവൻ മരിച്ചു. അതേപോലെ ക്രൂരവും പൈശാചികവും അതികഠിനവുമായ പാപങ്ങൾക്കു വേണ്ടിയും ആയിരുന്നു അവൻ മരിച്ചത്. ദൈവത്തിൽ നിന്നു മനുഷ്യർ അകന്നു പോകുവാനിടയായതു പാപം നിമിത്തമായിരുന്നു. അവരെ വീണ്ടും ദൈവത്തിങ്കലേക്കു മടക്കി വരുത്തുവാൻ പാപ നിവാരണം ഒഴിച്ചു കൂടാനാവാത്തതായിരുന്നു. യേശുവിന്റെ മരണം അത് സാദ്ധ്യമാക്കി തീർത്തു (റോമർ 8:34). പാപിയായ ഏതൊരാളെയും ദൈവം ഉപേക്ഷിക്കും. എന്നാൽ ദൈവ കൃപയാൽ യേശുക്രിസ്തുവിന്റെ യാഗം അവർ ദൈവപക്ഷത്തേക്കു വരുന്നതിനുള്ള അവസരം ഒരുക്കി (റോമർ 14:19; ഗലാത്യർ 2:20). ദൈവം പാപത്തെ ഇഷ്ടപ്പെടുന്നില്ല. പക്ഷേ ആ വ്യക്തിയെ ദൈവം സ്നേഹിക്കുന്നു അതുകൊണ്ടാണ് ആത്മീയ നാശം ദൈവം ഒഴിവാക്കി കൊടുക്കുന്നത് (2കൊരിന്ത്യർ 5:14,15; യോഹന്നാൻ 14:23). സ്വർഗ്ഗത്തിലേക്കു മനുഷ്യർ പ്രവേശിക്കുന്നതിനുള്ള വാതിൽ തുറക്കുകയാണ് യേശു തന്റെ മരണത്തിലൂടെ ചെയ്തത്. അതു മൂലം പാപത്തിന്റെയും മരണത്തിന്റേയും ശക്തി ഇല്ലാതാക്കി (1തെസലൊനിക്യർ 4:14).

## ഓർമ്മിക്കുക-ക്രൂശ് വാസ്തവത്തിൽ ആവശ്യമായിരുന്നു.

ദൈവത്തിന്റെ തികഞ്ഞ നീതി നിറവേറ്റുവാൻ ഈ പ്രത്യേക മരണം അനിവാര്യമായിരുന്നു. നിരപരാധി അഥവാ പാപമില്ലാത്ത, പരിശുദ്ധമായ രക്തം അർപ്പിപ്പാൻ യേശുക്രിസ്തു തയ്യാറായി. അങ്ങു വിദൂരതയിൽ ഒരു മലമേൽ യേശു തന്റെ ജീവനെ അർപ്പിച്ചു. അതു അനേകരുടെ ജീവന്റെ മറുവിലയായിട്ടാണു കൊടുത്തത് (എഫേ

സ്യർ 2:8,9). ഈ ക്രൂശിന്റെ വചനം അനുസരിക്കുന്നതിനു പകരമായി മറ്റൊന്നില്ല. പാപിയായ മനുഷ്യന്റെ കറപുരണ്ട മനസാക്ഷിയെ ശുദ്ധീകരിക്കാൻ ചോരത്തുളി നടത്തിയ കർത്താവിന്റെ യാഗം സുപ്രധാനമായിരുന്നു (എബ്രായർ 5:8,9).

✶

# മാതാപിതാക്കളുടെ നയിക്കൽ

## നീൽ പൊളാർഡ്

അപ്പനും അമ്മക്കും മക്കളോടു അനുവർത്തിക്കേണ്ട മനോഹരമായ ദൈവീക ഉത്തരവാദിത്വങ്ങൾ നല്കിയിട്ടുണ്ട്. “ബാലൻ നടക്കേണ്ട വഴിയിൽ അവനെ അഭ്യസിക്ക” എന്നുപറഞ്ഞാൽ എന്താണർത്ഥം? (സദൃശവാക്യങ്ങൾ 22:6). മക്കളെ കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും എങ്ങനെയാണ് അമ്മയപ്പന്മാർ വളർത്തേണ്ടത്? (എഫേസ്യർ 6:4). ഈ വിഷയത്തെ സംബന്ധിച്ച് ദൈവവചനം പഠിക്കുവാൻ തയ്യാറാകുക. ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം കണ്ടെത്താനും കുട്ടികൾക്ക് ആവശ്യമുള്ള മാർഗ്ഗനിർദ്ദേശം കൊടുക്കുവാനും അങ്ങനെ കഴിയും.

### അച്ചടക്കത്തോടുകൂടെ ആരംഭിക്കുക

വർദ്ധിച്ച ഈ ആവശ്യത്തെ സദൃശവാക്യങ്ങൾ സൂചിപ്പിക്കുന്നുണ്ട്. മക്കളെ സ്നേഹിക്കുന്ന മാതാപിതാക്കൾ അച്ചടക്കത്തിനായി വടിയെടുക്കും (സദൃശവാക്യങ്ങൾ 13:24). മകന്റെയോ മകളുടേയോ സ്വഭാവ ശുദ്ധീകരണം എന്ന ഉത്തരവാദിത്വത്തെ അമ്മയപ്പന്മാർ തിരിച്ചറിയണം (സദൃശവാക്യങ്ങൾ 22:15). ഒരു കുട്ടിയുടെ ആത്മിയ വളർച്ചയുടെ അവസാന ഫലം എങ്ങനെയായിരിക്കണം എന്നു മാതാപിതാക്കൾ മനസിലാക്കണം. ലോകത്തെയും ന്യായവിധിയേയും നേരിടുന്നതിനുള്ള വൈദഗ്ദ്യമാണ് അവർക്കു ആവശ്യം (സദൃശവാക്യങ്ങൾ 23:13). ഫലപ്രദമായ രീതിയിൽ കാര്യകാരണ സഹിതം മക്കളെ അച്ചടക്കത്തിൽ വളർത്തണം. കുട്ടികൾക്കു വഴികാട്ടൽ ആവശ്യമാണ്. അവർ ചെയ്യുന്നതിന്റേയും ചെയ്യാത്തതിന്റേയും അനന്ത

രഫലം അവർ അറിയണം. ആ ഉത്തരവാദിത്വത്തിൽ നിന്നു രക്ഷ കർത്താക്കൾ ഒഴിഞ്ഞുമാറരുത്.

## ഉൾപ്പെടുക

അപ്പനും അമ്മയും കുട്ടികൾക്കൊത്തു സമയം ചെലവിടണം. അവർക്കു ധാരാളം ചുംബനവും സ്നേഹപ്രകടനവും ആവശ്യമാണ്. അവരെ ശ്രദ്ധിക്കുന്ന, കരുതുന്ന, താല്പര്യമുള്ള അപ്പനും അമ്മയുമാണ് അവർക്കു വേണ്ടത്. കുട്ടികളുടെ ജീവിതത്തെ കുറിച്ചു മാതാപിതാക്കളോടു ചോദിച്ചാൽ അറിഞ്ഞുകൂടാ എന്ന ഉത്തരം ഒരിക്കലും ഉണ്ടാകരുത്. അവരെ കുറിച്ചു നിങ്ങൾ ആണ് ഏറ്റവും കൂടുതൽ അറിയേണ്ടത്. കുട്ടികൾ എവിടെ പോകുന്നു? എന്താണ് ചെയ്യുന്നത് എന്നെല്ലാം പരിശോധിക്കേണ്ടത് മാതാപിതാക്കളാണ്. അതിൽ ഒരിക്കലും വിമുഖത കാണിക്കരുത്. കുട്ടികളുടെ പെരുമാറ്റം നന്നാക്കിയെടുക്കാൻ അനുഭവസമ്പത്തുള്ള നിങ്ങളാണ് ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടത്. സമൂഹത്തിൽ അവർ ജീവിക്കേണ്ടവരാണ്. ദൈവത്തോടുള്ള അവരുടെ ബന്ധവും മനുഷ്യരോടുള്ള അവരുടെ ബന്ധവും സൂക്ഷിക്കേണ്ടതാണ്. അവർക്കു ആദ്യമായി ലഭിക്കുന്ന പരിശീലന കേന്ദ്രമാണ് ഭവനം. അതു ശരിയായ രീതിയിൽ കിട്ടാതിരുന്നാൽ ആ കുട്ടികളുടെ ഭാവി ഇരുളടഞ്ഞതായി തീരും എന്നതാണ് വാസ്തവം.

സ്നേഹവും വാത്സല്ല്യവും അപ്പനമ്മമാരിൽ നിന്നു കുട്ടികൾക്കു ലഭിക്കുന്നുണ്ടെങ്കിൽ അവർക്കു പ്രത്യേകതകൾ കാണാം. നിങ്ങൾ അവരെ ശ്രദ്ധിക്കേണ്ട സമയത്തു ശ്രദ്ധിക്കാതെ വിട്ടാൽ അവർ നിങ്ങളെ ശ്രദ്ധിക്കേണ്ട സമയത്ത് ശ്രദ്ധിക്കയില്ല. ഇപ്പോഴാണ് നിങ്ങൾ അവർക്ക് ചില കാര്യങ്ങൾ ചെയ്യേണ്ടത്. അവരുടെ പ്രശ്നങ്ങളും സംശയങ്ങളും ദുരീകരിക്കാൻ രക്ഷകർത്താക്കളെയാണ് അവർ ആശ്രയിക്കുന്നത്. നിങ്ങൾ അവരെ നിരാശപ്പെടുത്തരുത്. എത്ര തിരക്കുള്ളവരാണെങ്കിലും അതിനു സമയം കണ്ടെത്തണം. അവരുടെ ചെറിയ നേട്ടങ്ങളെ നിങ്ങൾ നിസാരമെന്നു കരുതി അവഗണിക്കരുത്. അവരെ പുകഴ്ത്തി പ്രോത്സാഹിപ്പിക്കണം. അവർ നിസാരമായ തെറ്റുകൾ ചെയ്യുമ്പോൾ നിങ്ങൾ അവരെ ശാസിക്കയും അവരെ നിങ്ങൾ സ്നേഹിക്കുന്നു എന്ന് അവരെ ബോധ്യപ്പെടുത്തുകയും

വേണം. കുട്ടികളുടെ അഭിരുചി തിരിച്ചറിയുവാൻ അവരുടെ അന്വേഷണം എന്തെന്നു അറിയുക. അവർക്കു അവരിൽ തന്നെ ആത്മവിശ്വാസം ഉണ്ടാകണം. അപ്പോൾ അവർക്കു ഉയരുവാൻ ആഗ്രഹം ജനിക്കും. ഇന്നു നിങ്ങൾ അവരുടെ മുഖം പ്രസന്നമാക്കും. അവരെ നിങ്ങൾ സഹായിക്കും എന്നു അവർക്കു തോന്നിയാൽ അവർ നിങ്ങളെയും സഹായിക്കും. അന്യോന്യം ഉള്ള ബന്ധത്തിന് എത്ര മാത്രം ദൈവം പ്രാധാന്യം വെച്ചിരിക്കുന്നു എന്ന് തിരിച്ചറിയുകയാണ് വേണ്ടത്.

**യോജിച്ചിരിക്കുക.**

ഐക്യത ഏതു പ്രായത്തിലുള്ളവർക്കും പ്രയോജനപ്രദമാണ്. സഭയുടെ അനുഗ്രഹമാണ് യോജിപ്പ്. ഒരു ഗവൺമെന്റിന്റെ വിജയം സ്ഥിതി ചെയ്യുന്നത് ഭരണതലത്തിലുള്ളവരുടെ ഐക്യത്തിലാണ്. മാതാപിതാക്കളുടെ യോജിപ്പ് കുട്ടികളിൽ കാര്യക്ഷമത വർദ്ധിപ്പിക്കും. അപ്പനും അമ്മയും യോജിച്ച് തീരുമാനങ്ങൾ എടുക്കയും നടപ്പിൽ വരുത്തുകയും ചെയ്യുന്നത് മക്കൾ കണ്ടു മാതൃക പിൻപറ്റണം. അപ്പനും അമ്മക്കും വിവിധ കാര്യങ്ങളിൽ യോജിക്കാൻ കഴിയുന്നില്ലെങ്കിൽ മക്കൾ എന്തു പാഠമാണ് അവരിൽ നിന്നു പഠിക്കുന്നത്? കുട്ടികൾ പുറത്തുപോയി മറ്റുകുട്ടികളുമായി കളിക്കുമ്പോഴും ഇടപെടുമ്പോഴും അവർക്കു വീട്ടിൽ നിന്നു കിട്ടിയ അനുഭവ പാഠങ്ങൾ പ്രാവർത്തികമാക്കും. മാതാപിതാക്കളിൽ നിന്നു അച്ചടക്കം കണ്ടു പഠിച്ച കുട്ടികൾ എവിടെയും അച്ചടക്കം പാലിക്കും. അല്ലാത്തവർ എപ്പോഴും വഴക്കടിക്കും. കുടുംബത്തിൽ ഉള്ള അംഗങ്ങൾ എല്ലാവരും എന്തിനാണ് മുൻഗണന കൊടുക്കുന്നത്? ദൈവത്തിലും അവന്റെ വചനം അനുസരിക്കുന്നതിലും. ആത്മിയ മാതൃക കർത്താവായ യേശു മനുഷ്യർക്ക് പകർത്തുവാനായി നൽകിയിട്ടുണ്ട്. ദൈവഹിതപ്രകാരമുള്ള ജീവിതമാണ് എല്ലാ മനുഷ്യരിലും വേണ്ടത്. സത്യത്തിന്റെ പരിജ്ഞാനം നാം പ്രാപിക്കണം. രക്ഷക്ക് അത് ഒഴിച്ചുകൂടാനാവാത്തതാണ്. ആത്മാവ് നിത്യമാണ് എന്നോർത്ത് ദൈവത്തിന്റെ മുന്നറിയിപ്പ് ആരും അവഗണിക്കരുത്.

## വാർത്തകൾ

### വിട്ടുകൊടുക്കില്ലെന്ന് ഒഎൻവി

ആശാന്റെ വിയർപ്പു തുള്ളികൾ വീണ ഭൂമിയാണ് തോന്നയ്ക്കലിലെ ആശാൻ സ്മാരകമെന്നും, ഏതു വികസനത്തിന്റെ പേരിലായാലും ഇതിനെ വിട്ടുകൊടുക്കില്ലെന്നും ജ്ഞാനപീഠം പുരസ്കാര ജേതാവ് കവി ഒ.എൻ.വി കുറുപ്പ് പ്രസ്താവിച്ചു

✶

### സ്വയം വിമർശനം

അടിയന്തരാവസ്ഥകാലത്തു ഗവൺമെന്റിന്റെയും പാർട്ടിയുടെയും അനിയന്ത്രിത അധികാരം പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയിൽ കേന്ദ്രീകരിച്ചുവെന്നും സഞ്ജയ് ഗാന്ധിയുടെ പല പദ്ധതികളും സ്വേച്ഛാപരമായിരുന്നുവെന്നും കോൺഗ്രസിന്റെ സ്വയം വിമർശനം. 125-ാം വാർഷികം പ്രമാണിച്ചു പ്രസിദ്ധപ്പെടുത്തിയ ഗ്രന്ഥത്തിലാണു വീഴ്ചകൾ സംമ്മതിച്ചത്.

✶

### രാജ്യത്തിന്റെ പകുതിയും മഞ്ഞിൽ മുങ്ങി.

കനത്ത മഞ്ഞുവീഴ്ചയും ശീതക്കാറ്റും മൂലം അമേരിക്കയുടെ പകുതിഭാഗത്തോളം മഞ്ഞിൽ മുങ്ങി. ന്യൂയോർക്ക് ഉൾപ്പെടെയുള്ള വൻനഗരങ്ങളിൽനിന്ന് ഏതാനും ദിവസങ്ങൾക്കിടെ അൻപതിനായിരത്തോളം വിമാനസർവീസുകൾ റദ്ദാക്കി.

✶

### സമൂഹത്തിന്റെ ബാധ്യത.

ജൈവവൈവിധ്യത്തിന്റെ നിലനിൽപ്പും സംരക്ഷണവും സമൂഹത്തിന്റെ ബാധ്യതയാണെന്നു പ്രശസ്ത പരിസ്ഥിതി പ്രവർത്തക വന്ദനാ ശിവ പറഞ്ഞു.

✶

*Watch!*

# SATHYANADAM

# TV PROGRAM

## TRUE GOSPEL MESSAGE

## Speaker:

# Bro.P.K. VARGHESE

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

## കോടതി നിർദേശം അനുസരിച്ചുള്ള നിയമനം

കെഎസ്എഫ്ഡിസിയിൽ നിന്നു പിരിച്ചുവിട്ട ജീവനക്കാരനെ കോടതി നിർദേശപ്രകാരം പുനർനിയമിക്കുകയാണു ചെയ്തതെന്ന് വർക്കേഴ്സ് കോൺഗ്രസ് വർക്കിംങ് പ്രസിഡന്റ് വി.എസ്. ഹരീന്ദ്രനാഥ് അറിയിച്ചു.

★

## സ്വർണ്ണത്തട്ടിപ്പ്.

ഗ്രാമീണ മേഖലയിൽ കാരറ്റ് കുറഞ്ഞ സ്വർണം നൽകി തട്ടിപ്പു നടക്കുന്നതു പുറത്തായതിനെത്തുടർന്നു ബാങ്കുകളും പണയ സ്വർണ പരിശേധന തുടങ്ങി.

★

## മുക്കുപണ്ടം

സംസ്ഥാനത്തെ വിവിധ ജില്ലകളിലും തമിഴ്നാട്ടിലുമായി അൻപതോളം ധനകാര്യ സ്ഥാപനങ്ങളിൽ മുക്കുപണ്ടം പണയം വെച്ചു പണം തട്ടുന്ന വൻ സംഘത്തിലെ പ്രധാനികൾ അറസ്റ്റിൽ.

★

## ഇനി ജീവപര്യന്തംവരെ തടവ്

സ്ത്രീകൾക്കെതിരെ ആസിഡ് ആക്രമണ കേസുകളിലെ കുറ്റക്കാർക്കു 10 വർഷം മുതൽ ജീവപര്യന്തം വരെ തടവും 10 ലക്ഷം രൂപാ വരെ പിഴയും ശിക്ഷനൽകുന്നതിനുള്ള നിയമ ഭേദഗതി ശുപാർശകൾ മന്ത്രിസഭ അംഗീകരിച്ചു.

★

കാണുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കാണുക!

**HEAR THE VOICE OF TRUTH ON RADIO**

# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M.<br>TV Program - Every Saturday at 6.00 a.m.<br>(Jai Hind TV)<br>Speaker: P.K. Varghese, **Church of christ**<br>Thampuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M.<br>Speaker: P.R. Swamy, Box 8405<br>Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S. Tvm on 23/24 January**
Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/09-11
Licensed to post without prepayment No. KL / TV (N) / WPP/40/2009 -11

*Join us to worship God in Spirit and Truth*
*The*
**CHURCH OF CHRIST**
Meets at T.C. 27/225
Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378